(ഡി) ഈ മേഖലയിൽ നടക്കുന്ന ചൂഷണം തടയുന്നതിന് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ നടപടികൾ വൈകുന്നത് എന്തുകൊണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇവരുടെ സേവന-വേതന വ്യവസ്ഥകൾക്ക് വ്യക്തമായ മാനദണ്ഡങ്ങളും ചട്ടങ്ങളും നിലവിലുണ്ട്. അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ യോഗ്യത, വേതനം എന്നിവ സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം XIV (AA) യിൽ തന്നെ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ 2007-ൽ ഈ മേഖലയെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ നിയോഗിച്ച രണ്ടംഗകമ്മീഷന്റെ ശിപാർശയനുസരിച്ച് നിലവിലെ വേതനം പുതുക്കി നിശ്ചയിക്കുകയും ചെയ്തു.

കൂടാതെ അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിർണ്ണയിക്കുന്നതിനുള്ള ശമ്പള സ്കെയിൽ നിശ്ചയിച്ചുകൊണ്ട് തൊഴിൽ വകുപ്പിൽനിന്ന് സ.ഉ.(പി) 155/2011/തൊഴിൽ നമ്പരായി 12-9-2011-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്കും അദ്ധ്യാപകർക്കും സർക്കാർ നിരക്കിലുള്ള ശമ്പളവും അലവൻസും നൽകിയിരിക്കണമെന്ന് എൻ.ഒ.സി.യുള്ള മാനദണ്ഡത്തിൽതന്നെ വ്യക്തമാക്കിയിട്ടുമുണ്ട്.

(സി) പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഉണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു.

അമ്പലപ്പുഴ മണ്ഡലത്തിൽ അസാപ് നടപ്പിലാക്കിയിട്ടുള്ള സ്കൂളുകൾ

34 (2515) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ; വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അസാപ് നടപ്പാക്കിയിട്ടുള്ള സ്കൂളുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചിട്ടുള്ളത് ;

(സി) ഇത്തരം സ്കൂളുകളിൽ ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത് ;

(ഡി) ഇത്തരം സ്കൂളുകളിൽ അദ്ധ്യാപകരെ ഏതു വിധത്തിലാണ് നിയമിച്ചിട്ടുള്ളത് ; ഇവർക്കു നൽകുന്ന വേതന ഘടന വ്യക്തമാക്കുമോ ?

ഉത്തരം

(എ) താഴെ പറയുന്ന സ്കൂളുകളിലാണ് അസാപ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് :

1. ഗവൺമെന്റ് മുഹമ്മദൻസ് എച്ച്.എസ്.എസ്. ഫോർ ബോയ്സ്, ആലപ്പുഴ
2. ഗവൺമെന്റ് മുഹമ്മദൻസ് എച്ച്.എസ്.എസ്. ഫോർ ഗേൾസ്, ആലപ്പുഴ
3. ലജനത്തുൽ മുഹമ്മദീയ എച്ച്.എസ്.എസ്., ആലപ്പുഴ
4. ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്., ആലപ്പുഴ
5. ഡോ. അംബേദ്ക്കർ മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ എച്ച്.എസ്.എസ്., പുന്നപ്ര
6. ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്., അമ്പലപ്പുഴ
7. ശ്രീനാരായണ മെമ്മോറിയൽ എച്ച്.എസ്.എസ്., പുറക്കാട്
8. അറവുകാട് എച്ച്.എസ്.എസ്., പുന്നപ്ര
9. ഗവൺമെന്റ് കോളേജ്, അമ്പലപ്പുഴ

(ബി) അമ്പലപ്പുഴ ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്. സ്കൂളിനെ അസാപ്പിന്റെ സ്കിൽ ഡെവലപ്മെന്റ് സെന്ററായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ അസാപ്പിന് വിട്ടുതന്നിട്ടുള്ള അഞ്ച് മുറികളുടെ വൈദ്യുതീകരണം ഉൾപ്പെടെയുള്ള അറ്റകുറ്റപണികൾ അസാപ്പിന്റെ ചെലവിൽ നടത്തിയിട്ടുണ്ട്. ഒരു കമ്പ്യൂട്ടർ ലാബും സ്ഥാപിച്ചിട്ടുണ്ട്. പരിശീലനത്തിനായി 32 കമ്പ്യൂട്ടറുകൾ, ക്ലാസ് മുറികളിൽ വൈറ്റ് ബോർഡ്സ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കോഴ്സിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്.ദൂരെനിന്ന്വരുന്ന കുട്ടികൾക്ക് യാത്രാബത്തയും നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) താഴെപറയുന്ന കോഴ്സുകളാണ് നടത്തുന്നത്.

1. സർട്ടിഫിക്കറ്റ് ഇൻ അക്കൗണ്ടിംഗ് ടെക്നീഷ്യൻസ്

2. ഗ്ലോബൽ ബിസിനസ് ഫൗണ്ടേഷൻ സ്കിൽസ് (ജി.ബി.എ.എഫ്.എസ്.)

3. ബി.എസ്.സി. സർട്ടിഫിക്കറ്റ് ഇൻ ബാങ്കിംഗ് സർവ്വീസ് അസോസിയേറ്റ് പ്രോഗ്രാം

4. സർട്ടിഫിക്കറ്റ് ഇൻ ബിസിനസ് കറസ്പോണ്ടൻസ് ആന്റ് ഫെസിലിറ്റേഷൻ

5. സർട്ടിഫിക്കറ്റ് ഇൻ മ്യൂച്വൽ ഫണ്ട് ഓജന്റ്

6. സർട്ടിഫിക്കറ്റ് ഇൻ റീ-ടെയിൽ സെയിൽസ് അസോസിയേറ്റ്

7. സർട്ടിഫിക്കറ്റ് ഇൻ ബാങ്കിംഗ് ആന്റ് ഫിനാൻസ്

8. സർട്ടിഫിക്കറ്റ് ഇൻ ഇൻഷ്വറൻസ് മാർക്കറ്റിംഗ്

9. ഫിനാൻഷ്യൽ അഡ്വൈസറി ആന്റ് മാർക്കറ്റിംഗ് സർവ്വീസസ്

10. സർട്ടിഫിക്കറ്റ് ഇൻ 3 ഡി മോഡലിംഗ് ആന്റ് ടെക്സ്ചറിംഗ് ഫോർ ആനിമേഷൻ ഫിലിം മേക്കിംഗ്

11. സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിറ്റി നേഴ്സിംഗ് ആന്റ് പാലിയേറ്റീവ് കെയർ

12. സർട്ടിഫിക്കറ്റ് ഇൻ ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ്

13. സർട്ടിഫിക്കറ്റ് ഇൻ കസ്റ്റമർ കെയർ എക്സിക്യൂട്ടീവ്

14. സർട്ടിഫിക്കറ്റ് ഇൻ ഫീൽഡ് ടെക്നിഷ്യൻ ആന്റ് എ. സി.

15. സർട്ടിഫിക്കറ്റ് ഇൻ ഡൊമസ്റ്റിക് ഡാറ്റാ എൻട്രി ഓപ്പറേറ്റർ

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓരോ കോഴ്സുമായി ബന്ധപ്പെട്ട വ്യവസായ പങ്കാളികളുമായി അസാപ് കരാർ ഒപ്പ് വച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ പങ്കാളികളുടെ വിദഗ്ധരായ പരിശീലകരാണ് വിദ്യാർത്ഥികൾക്ക് സ്കിൽ കോഴ്സുകളിൽ പരിശീലനം നൽകുന്നത്. കോഴ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവ് വ്യവസായ പങ്കാളികൾക്ക് അസാപ് നൽകും. ഈ സാഹചര്യത്തിൽ വ്യവസായ പങ്കാളികളുടെ പരിശീലകർക്ക് അവരാണ് വേതനം നൽകുന്നത്. കൂടാതെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ബേസിക് ഐ.റ്റി. എന്നീ കോഴ്സുകളിൽ പരിശീലനം നൽകുന്നത് അസാപ്പിന്റെകീഴിലുള്ള കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളാണ്. സ്കിൽ എക്സിക്യൂട്ടീവിന് മണിക്കൂറിൽ 500 രൂപ വേതനമായി നൽകുന്നു.

വെഞ്ഞാറമൂട് യു.പി. സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ

35 (2516) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെഞ്ഞാറമൂട് ഗവൺമെന്റ് യു.പി. സ്കൂളിൽ എത്ര കുട്ടികൾ പഠിക്കുന്നു എന്നുള്ള വിവരം അറിയിക്കുമോ ;

(ബി) ഒന്നുമുതൽ ഏഴുവരെയുള്ള ഓരോ ക്ലാസിലും എത്ര കുട്ടികൾ വീതമാണ് ഇപ്പോഴുള്ളതെന്ന് വിശദമാക്കുമോ ;

(സി) എത്ര ക്ലാസ് മുറികളുടേയും മറ്റ് എതെല്ലാം ഭൗതിക സാഹചര്യങ്ങളുടേയും അപര്യാപ്തതയാണ് പ്രസ്തുത സ്കൂളിലുള്ളതെന്ന് വിശദീകരിക്കുമോ ;

(ഡി) ആവശ്യമായ ക്ലാസ് മുറികൾ നിർമ്മിക്കുന്നതിലും മറ്റ് ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) വെഞ്ഞാറമൂട് ഗവൺമെന്റ് യു.പി. സ്കൂളിൽ 1054 കുട്ടികൾ 2015-16 അദ്ധ്യയന വർഷം പഠിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly